(ബി) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), ചീഫ് എഞ്ചിനീയർ, കാവേരി സെൽ, കല്പ്പറ്റ, എന്നിവരുടെ കീഴിൽ നടപ്പിലാക്കിയ ചെറുകിട ജലസേചനത്തെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-I ലും IV-ലും ഉൾപ്പെടുത്തിയിട്ടുണ്ട്.*

പാറ്റൂർ കുടിവെള്ള പദ്ധതിയുടെ പുരോഗതി

105 (555) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനഞ്ച് വർഷത്തോളമായി മുടങ്ങിക്കിടന്നതും എൽ.ഐ.സി. ഉപേക്ഷിച്ച് പോയതുമായ ആലപ്പുഴ ജില്ലയിലെ നൂറനാട്-പാറ്റൂർ കുടിവെള്ളപദ്ധതി നിർമ്മാണം പുരോഗമിച്ചുവരവെ ആയത് നിർത്തിവച്ചിരിക്കുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം കുടിവെള്ളപദ്ധതികൾ അനന്തമായി നീണ്ടുപോകുന്നതിനുള്ള കാരണം വിശദമാക്കുമോ ; ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ ;

(സി) നൂറനാട്-പാറ്റൂർ കുടിവെള്ളപദ്ധതി തടസ്സങ്ങൾ നീക്കി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എ.ആർ.പി.- (ARP)-യിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയുടെ പണികൾ പുരോഗമിച്ചുവരുന്നു. പണികൾ നിർത്തിവച്ചിട്ടില്ല. ടാങ്കുകളുടേയും പമ്പിംഗ് ലൈനുകളുടേയും ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും ഉയർന്ന തുക കോട്ട് ചെയ്തതിനാൽ ദർഘാസ് റദ്ദാക്കി പുനർ ദർഘാസ് ക്ഷണിക്കുന്നതിനായി 2010 SOR അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. റാ വാട്ടർ പമ്പിംഗ് മെയിനിന്റെ 70%-വും ശുദ്ധീകരണശാലയുടെ 85%-വും പൂർത്തീകരിച്ചു.

പണി പുരോഗമിച്ചുവരുന്ന ചുനക്കര നൂറനാട് പാലമേൽ വില്ലേജുകൾക്കുവേണ്ടിയുള്ള പദ്ധതിയുടെ പൂർത്തീകരണത്തിനായി പാലമേൽ താമരക്കുളം പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിക്ക് 5-6-2010-ലെ എസ്.എൽ.എസ്.എസ്.സി. (SLSSC)-ൽ 780 ലക്ഷം രൂപയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) സ്ഥലം ലഭ്യമാക്കുന്നതിനുള്ള കാലതാമസവും കൂടാതെ ലഭ്യതയുടേയും, കോട്ട് ചെയ്ത തുക വളരെ കൂടുതൽ ആയതിനാൽ ടെണ്ടറിന് അനുമതി നൽകാൻ കഴിയാത്തതുമാണ് പദ്ധതികൾ അനന്തമായി നീണ്ടുപോകാൻ കാരണം. ഇത് പരിഹരിക്കുന്നതിനായി പുനർ ദർഘാസ് വിളിക്കുന്നതിനുവേണ്ടി 2010-ലെ നിരക്ക് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പുനർ ദർഘാസ് നടത്തി നിലവിലുള്ള പണികൾ എല്ലാം പൂർത്തീകരിച്ച് 12/2012-ൽ കമ്മീഷൻ ചെയ്യുന്നതിനായി ലക്ഷ്യമിടുന്നു.

പന്തളം-മങ്ങാരം കുടിവെള്ള പദ്ധതി

106 (556) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.ഐ.സി. ഉപേക്ഷിച്ചുപോയ പന്തളം-മങ്ങാരം കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) നടപടിക്രമങ്ങൾ ലഘൂകരിച്ച് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ഡി) പന്തളം-മങ്ങാരം കുടിവെള്ളപദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന ഈ പദ്ധതിയുടെ കിണർ, ശുദ്ധീകരണശാല, (8MCD) ജല സംഭരണികൾ പി.വി. സി. വിതരണ ശൃംഖലകൾ എന്നിവയുടെ പണികൾ പൂർത്തീകരിച്ചു. വിവിധ പമ്പുഹൗസുകളിൽ പമ്പ് സെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പമ്പിംഗ് മെയിനുകൾ DI വിതരണ ശൃംഖല, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) പമ്പിംഗ് മെയിനുകൾ, DI വിതരണ ശൃംഖല എന്നിവ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാകാത്തതുമൂലമാണ് പദ്ധതി വൈകുന്നത്.

(സി) മതിയായ ഫണ്ടിന്റെ അഭാവംമൂലം പദ്ധതി ഇടയ്ക്ക് മുടങ്ങിക്കിടന്നുവെങ്കിലും ഇപ്പോൾ നബാർഡിന്റെ സഹായത്തോടുകൂടി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ടെണ്ടർ നടപടികൾ പൂർത്തിയായി 15 മാസത്തിനകം പദ്ധതി പൂർത്തിയാക്കാൻ സാധിക്കും.

മലപ്പുറം ജില്ലയിലെ വാഴയൂർക്കയം നന്നാക്കുന്നതിന് നടപടി

107 (557) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 13-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് തുകയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിലെ "വാഴയൂർക്കയം" നന്നാക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly